**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 135** **10-06-2024 - ൽ മറുപടിയ്ക്ക്**

**ഗുണ്ടാ ആക്രമണങ്ങൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഗുണ്ടാ ആക്രമണങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | ബോംബ് കേസുകളിലും ഗുണ്ടാ ആക്രമണ കേസുകളിലും നാമമാത്രമായ പ്രതികൾ മാത്രമാണ് ശിക്ഷിക്കപ്പെടുന്നത് എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | ബോംബ് കേസുകളിലും ഗുണ്ട ആക്രമണ കേസുകളിലും പ്രതികളാകുന്ന കുറ്റവാളികൾക്കെതിരെ പരമാവധി തെളിവുകൾ ശേഖരിച്ച് പഴുതടച്ച കുറ്റപത്രം സമർപ്പിച്ച് പരമാവധി ശിക്ഷ ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) | കാപ്പ നിയമം അടക്കം ഉപയോഗപ്പെടുത്തി ഗുണ്ടാ സംഘങ്ങളെ അമർച്ച ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ഗുണ്ട സംഘങ്ങളെ അമർച്ച ചെയ്യുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും വേണ്ടി സ്ഥിരം കുറ്റവാളികളുടെ പട്ടിക തയ്യാറാക്കി മുൻകരുതൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇത്തരക്കാർക്കെതിരെ പോലീസ് സ്റ്റേഷനുകളിൽ റൗഡി ഹിസ്റ്ററി ഷീറ്റുകൾ ആരംഭിച്ച് ഇവരുടെ പ്രവർത്തനങ്ങൾ നിരന്തരം നിരീക്ഷിച്ച് വരുന്നുണ്ട്. കൂടാതെ സ്ഥിരം കുറ്റവാളികൾക്കെതിരെ സബ്ബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതികളിൽ 107, 110 CrPC പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇവർ വീണ്ടും കുറ്റ കൃത്യങ്ങളിൽ ഏർപ്പെട്ടാൽ ഇവർ ഉൾപ്പെട്ടിട്ടുള്ള മുൻകാല കേസുകളിലെ ജാമ്യവ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് മുൻ കേസുകളിലെ ജാമ്യം റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷ സമർപ്പിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തിക്കൊണ്ട് സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് "Operation Kaval, Operation AAG, Operation D-Hunt" തുടങ്ങിയ സ്പെഷ്യൽ ഡ്രൈവുകൾ നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വരുന്നവർക്കെതിരെ KAAPA നിയമപ്രകാരമുള്ള കർശന നടപടികളും സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ